**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2922** **22-01-2021 - ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബാറുകൾക്ക് വിറ്റുവരവ് നികുതിയിൽ വരുത്തിയ കുടിശ്ശികയ്ക്ക് ഇളവ് നൽകുന്ന ആംനസ്റ്റി സ്കീം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്കീം എന്നുവരെയുള്ള കുടിശ്ശികകൾക്കാണ് ബാധകമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത സ്കീമുകൾ 31/03/2020 വരെയുള്ള കുടിശ്ശികകൾക്ക് ബാധകമാണ്. |
| (സി) | 2013-14 കാലയളവിൽ പൂട്ടുകയും പിന്നീട് ലൈസൻസ് ലഭിക്കുകയും ചെയ്ത ബാർ ഹോട്ടലുകളുടെ നികുതിയിലെ പിഴ ഒഴിവാക്കുന്നതിനും പലിശ പകുതിയായി കുറയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; | (സി) | 2020 ലെ കേരള ഫിനാൻസ് ആക്ടിലെ സെക്ഷൻ 7എ പ്രകാരമുള്ള ആംനസ്റ്റി സ്കീമിന്റെ പരിധിയിൽ വരുന്നത് സർക്കാരിന്റെ 2014-15 ലെ അബ്കാരി പോളിസി അനുസരിച്ച് പൂട്ടുകയും പിന്നീട് ലൈസൻസ് ലഭിക്കുകയും ചെയ്തിട്ടുള്ള ബാർ ഹോട്ടലുകളാണ്. മറ്റുള്ളവയ്ക്ക് സെക്ഷൻ 23ബി പ്രകാരം 01/04/2005 വരെയുള്ള കുടിശ്ശികകൾക്ക് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മുഴുവൻ പിഴത്തുകയും പലിശയും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, നികുതിതുകയുടെ 50% തുക തവണകളായും അല്ലെങ്കിൽ 40% തുക ഒറ്റത്തവണയായും അടച്ച് കുടിശ്ശിക തീർപ്പാക്കാം. 01/04/2005 മുതലുള്ള കുടിശ്ശികകൾക്ക് പിഴത്തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആംനസ്റ്റി സ്കീം നടപ്പിലാക്കിയത് മൂലം സർക്കാരിന് ഉണ്ടായ വരുമാന നഷ്ടം എത്രയെന്ന് അറിയിക്കുമോ? | (ഡി) | കണക്കാക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ